(സി) പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഇവയിൽ നിയമനം നടന്നിട്ടുണ്ടോ; ഇനി ഏതെല്ലാം തസ്തികകളാണ് അനുവദിക്കേണ്ടതായിട്ടുള്ളത്; അനുവദിച്ച തസ്തികകളിൽ ഏതെല്ലാം ഒഴിവായി കിടക്കുന്നുണ്ട്;

(ഡി) ആദിവാസി മേഖലകളിൽ ഉൾപ്പെടെയുള്ള പ്രസ്തുത സ്കൂളുകളിലെ 4-ാം ക്ലാസിന് അംഗീകാരം നൽകുന്നതിനും അവിടെ 5-ാം ക്ലാസ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 15 സ്കൂളുകൾ

(ബി) 2 സ്കൂളുകൾ

(സി) 3 അദ്ധ്യാപക തസ്തികകൾ പ്രസ്തുത സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. അവരുടെ നിയമനം നടന്നിട്ടുണ്ട്. ഹെഡ്മാസ്റ്റർ, പാർട്ട്ടൈം മീനിയൽ തസ്തികകൾ അനുവദിക്കേണ്ടതായിട്ടുണ്ട്. 6 സ്കൂളുകളിലായി 10 അദ്ധ്യാപകരുടെ തസ്തികകൾ ഒഴിവായി കിടപ്പുണ്ട്.

(ഡി) പ്രസ്തുത സ്കൂളുകളിൽ ഇപ്പോൾ നാലാം ക്ലാസ് ഉണ്ട്. ടി സ്കൂളുകളിൽ 5-ാം ക്ലാസ് തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ

53 [1413] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ:

,, സ്റ്റീഫൻ ജോർജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷന് അർഹരായിട്ടുള്ളവർ എത്രയെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുമറിയിക്കാമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ചില ജീവനക്കാരുടെ സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം പ്രമോഷൻ തടഞ്ഞ് വച്ചിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെതിരെ സർക്കാർ തലത്തിൽ അന്വേഷണം നടത്തി പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അപ്രകാരമുള്ള പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

എയ്ഡഡ് സ്കൂളുകളിലെ പുതിയ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് നടപടി

54 [1414] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ പുതിയ ഡിവിഷനുകളിലെ അദ്ധ്യാപക നിയമനാംഗീകാരത്തിന് നിലവിൽ നിയമതടസ്സമുണ്ടോ;

(ബി) നിയമന നിരോധനം പിൻവലിച്ച സാഹചര്യത്തിൽ പുതിയ ഡിവിഷനുകളിലെ അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly